




പെരിങ്ങോമിലും ഭൂതത്താൻകെട്ടിലും ആണവനിലയത്തിനെതിരെ നമ്മുടെ സമരം വിജയിച്ചു. എന്നാൽ കൂടംകുളം നമ്മുടെ തലയ്ക്ക് മുകളിലുണ്ട്. വൈദ്യുതോർജ്ജത്തിന്റെ പേര് പറഞ്ഞ് പ്രകൃതിയേയും  മനുഷ്യനേയും മാരകമായി ബാധിക്കുന്ന ആണവനിലയങ്ങൾ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ഇന്ത്യയിലെമ്പാടും നടക്കുകയാണ്. പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ പ്രചരണവും ജനകീയ സമരങ്ങളും കാരണം കേരളത്തിലേക്ക് വന്ന ആണവനിലയങ്ങളെ തിരിച്ചയയ്ക്കാൻ നമുക്ക് കഴിഞ്ഞെങ്കിലും ആണവ ഭീഷണിയിൽ നിന്നും നാം ഇപ്പോഴും മുക്തരല്ല. ഇന്ത്യയിലെമ്പാടും നടക്കുന്ന ആണവവിരുദ്ധ സമരങ്ങളുടെ പശ്ചാത്തലത്തിൽ അണുശക്തിയെന്ന മാരക വിപത്തിനെ പടികടത്തേണ്ടതിനെക്കുറിച്ച്...

# ഇനിയും അണുശക്തിയോ ?

കെ. രാമചന്ദ്രൻ

പരിസ്ഥിതി പ്രവർത്തകരുടെയും, സാമൂഹ്യ-സാംസ്കാരിക പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ നടന്ന പ്രചരണങ്ങളും സമരങ്ങളും ഇവ ഉയർത്തിക്കൊണ്ടിരുന്ന പാരിസ്ഥിതിക വിവേകവുമാണ് നിർദിഷ്ട ആണവനിലയങ്ങളെ തിരസ്കരിക്കാൻ കേരളത്തിലെ ജനങ്ങൾക്ക് പ്രചോദനമായത്. ആദ്യം ഭൂതത്താൻകെട്ടിലും പിന്നീട് പെരിങ്ങോമിലും സ്ഥാപിക്കാനിരുന്ന ആണവനിലയം ഒഴിവാക്കുന്നതിൽ ഇവിടെ നടന്ന സമരങ്ങൾ വിജയിച്ചു. ആണവനിലയങ്ങൾക്കെതിരെ നടന്ന സമരങ്ങളിൽ വിജയം കണ്ടത് കേരളത്തിൽ നടന്നവ മാത്രമാണ്. എന്നാൽ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലെ കന്യാകുമാരിക്കടുത്തുള്ള കൂടംകുളത്ത് ആണവനിലയമുയരുന്നത് തടയാൻ അവിടെയുള്ള ജനങ്ങൾക്ക് കഴിഞ്ഞില്ല. കൂടംകുളം ആണവനിലയത്തിന് എന്തെങ്കിലും അപകടമുണ്ടാവുകയാണെങ്കിൽ ബാധിക്കുന്ന ആഘാതവൃത്തത്തിൽ കേരളത്തിന്റെ തലസ്ഥാനമുൾക്കൊള്ളുന്ന തിരുവനന്തപുരവും ഉൾപ്പെടുന്നുണ്ടെങ്കിലും കേരളത്തിൽ നിന്ന് ആ നിലയത്തിനെതിരെ വ്യാപകമായി പ്രതിഷേധമുയർന്നില്ല. കേരളത്തിന്റെ കടൽത്തീരത്തെയും മത്സ്യബന്ധനത്തെയുമെല്ലാം ദൂരവ്യാപകമായ തരത്തിൽ പ്രതികൂലമായി ബാധിക്കാനിടയുള്ള ചെറുതും വലുതുമായ മലിനീകരണ-അപകട സാധ്യതകൾ കൂടംകുളം നിലയത്തിനുണ്ടെന്ന് തിരിച്ചറിഞ്ഞ മത്സ്യത്തൊഴിലാളി പ്രസ്ഥാനവും ഏതാനും പരിസ്ഥിതി പ്രവർത്തകരും മാത്രമാണ് നിലയത്തിനെതിരെ ശക്തമായ നിലപാടെടുത്തത്. ആണവവിരുദ്ധ പ്രസ്ഥാനങ്ങൾ എതിർപ്പുമായി രംഗത്തുണ്ടെങ്കിലും റഷ്യൻ സാങ്കേതികസഹകരണത്തോടെയുള്ള പ്രസ്തുത ആണവനിലയം ഏതാണ്ട് കമ്മീഷൻ ചെയ്യാൻ സജ്ജമാണെന്നറിയുന്നു. വിദ്യുച്ഛക്തി നിർമ്മാണത്തിനെന്നുപറഞ്ഞ് സ്ഥാപിക്കുന്ന പ്രസ്തുത നിലയത്തിന് വേണ്ടി ഉയർന്നുവരുന്ന ടൗൺഷിപ്പിലും, നിലയത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കുമുള്ള വൈദ്യുതി മുഖ്യമായും ഇപ്പോൾ ഉല്പാദിപ്പിക്കുന്നത് കാറ്റിൽനിന്നാണ് എന്ന് കൂടംകുളം സന്ദർശിച്ചാൽ മനസ്സിലാകും. കാറ്റിൽ നിന്നുള്ള വൈദ്യുതിക്ക് ഇത്രയും സാധ്യതയുണ്ടായിട്ടും പിന്നെയും വൈദ്യുതിയ്ക്ക് ആണവനിലയങ്ങൾ/താപനിലയങ്ങൾ തന്നെ സ്ഥാപിക്കണമെന്ന ശാഠ്യം, കാറ്റ് സാധ്യതയില്ലാത്ത ഒരു സ്രോതസ്സായതുകൊണ്ടല്ല, മറിച്ച് മറ്റു സാമ്പത്തിക-രാഷ്ട്രീയ കുയുക്തികളുടെ അടിസ്ഥാനത്തിലാണ് എന്ന് കാണാം. വിദ്യുച്ഛക്തി ഒരു മറയാക്കിയാണ് ഇന്നും അണുവാദികൾ മുന്നേറുന്നത്.

ഇന്ത്യയിൽ 17 ന്യൂക്ലിയർ റിയാക്ടറുകളിലായി 4120 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. ഇത് ആകെ പ്രതിഷ്ഠാപിത ശേഷിയുടെ 2.9% മാത്രമാണ്. പുതുക്കാവുന്ന ഊർജ്ജ ഉറവിടങ്ങൾ അതേ സമയം 13242 മെഗാവാട്ട്, അതായത് 7.7% ഉൽപാദിപ്പിക്കുന്നു. 2000-മാണ്ടാകുമ്പോൾ 43500 മെഗാവാട്ട് പ്രതിഷ്ഠാപിതശേഷി നേടുമെന്ന് 1969ൽ വീരവാദം മുഴക്കിയ അണുശക്തി വകുപ്പിന് 2000ൽ യഥാർത്ഥത്തിൽ സ്ഥാപി




ക്കാൻ കഴിഞ്ഞത് 2720 മെഗാവാട്ട് ശേഷി മാത്രമാണ്. വാഗ്ദാനവും നിറവേറ്റലും തമ്മിൽ ഒരിക്കലും ബന്ധമില്ലാതിരുന്ന പ്രസ്തുത വകുപ്പ് ഇപ്പോൾ പറയുന്നത് 2020ൽ 35000 മെഗാവാട്ട് ആണവവൈദ്യുതി പ്രതിഷ്ഠാപിതശേഷി കൈവരിക്കുമെന്നാണ്!

ഓരോ ആണവനിലയത്തിനും ആണവസ്ഥാപനത്തിനും പിന്നിൽ പ്രവർത്തിക്കുന്നത്, സുതാര്യമല്ലാത്തതും രഹസ്യാത്മകവും താന്തോന്നിത്തം നിറഞ്ഞതുമായ വരേണ്യസ്ഥാപനങ്ങളുടെ ധൂർത്തും ധിക്കാരവും കലർന്ന, മനുഷ്യരുടെ ദുരിതങ്ങളോട് തികച്ചും അനുകമ്പാഹീനമായ സമീപനം തന്നെയാണ്. വൈദ്യുതോർജ്ജക്ഷാമം പരിഹരിക്കുവാൻ എന്ന പ്രചരണവുമായി പ്രവർത്തനമാരംഭിച്ച 'അണുശക്തി സമാധാനത്തിന്'എന്ന തട്ടിപ്പുപ്രചാരണവുമായി അമേരിക്കൻ ഭരണകൂടം അവതരിപ്പിച്ച പ്രകൃതിവിരുദ്ധവും മനുഷ്യവിരുദ്ധവുമായ ആണവപരിപാടി ലോകത്തെ മൊത്തം വൈദ്യുതോല്പാദനത്തിലും, ഇന്ത്യയിലെ വൈദ്യുതോല്പാദനത്തിലും വളരെ തുച്ഛമായ ഒരു പങ്ക് മാത്രമേ വഹിക്കുന്നുള്ളൂ എന്ന വസ്തുത ഇന്ന് എല്ലാവർക്കും അറിയാം. ഏറ്റവും ചെലവ് കൂടിയതും, മണ്ണിനും മനുഷ്യർക്കും ദുരന്തങ്ങൾ വിതയ്ക്കുന്നതും, മാലിന്യങ്ങൾ സുരക്ഷിതമായി നിർമാർജ്ജനം ചെയ്യാൻ ഇന്നുവരെ മാർഗങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടില്ലാത്തതുമായ പ്രസ്തുത സാങ്കേതികവിദ്യ, ഏതാനും ബഹുരാഷ്ട്ര ആണവക്കമ്പനികൾക്കുള്ള കച്ചവടവും ലാഭവും ലക്ഷ്യമാക്കിക്കൊണ്ടും അണുബോംബ് നിർമാണവുമായി ബന്ധപ്പെട്ടും ആണ് പ്രവർത്തിക്കുന്നത് എന്നത് വളരെ വ്യക്തമാണ്. അതുകൊണ്ടുതന്നെ അണുശക്തിയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സഹകരണത്തിന്റെ മറവിൽ ഇന്ത്യയിൽ നിലവിലുള്ള ആണവനിയമങ്ങളിൽ ഭേദഗതി വരുത്താനും, അമേരിക്കയുമായുള്ള ആണവകരാറിൽ അമേരിക്കയുടെ താൽപര്യനിർദേശങ്ങൾക്കൊത്ത് മാറ്റം വരുത്താനും വേണ്ടി തിടുക്കത്തിൽ ഒരു ബില്ല് പാസാക്കിയെടുക്കാനുള്ള വ്യഗ്രതയിലാണ് ഇന്ത്യയിലെ ഭരണകൂടവും ആണവലോബിയും. ഇപ്പോൾചേരുന്ന പാർലിമെന്റ് സമ്മേളനത്തിൽത്തന്നെ ബില്ല് പാസാക്കിയെടുക്കുമെന്നാണ് മാധ്യമങ്ങൾ നമ്മോട് പറയുന്നത്.

ആണവശാസ്ത്രജ്ഞന്മാരിൽ തന്നെ ഒരു വിഭാഗവും, ജനങ്ങളോട് കൂറുള്ള മറ്റ് ശാസ്ത്രജ്ഞരും സാമാന്യജനങ്ങളും രാഷ്ട്രീയകക്ഷികളും എല്ലാം എതിർത്തിട്ടും ആണവക്കരാറിന്റെ അനൗചിത്യങ്ങളും കൊള്ളരുതായ്മകളും അക്കമിട്ട് ചൂണ്ടിക്കാട്ടിയിട്ടും അത് പാസാക്കിയെടുക്കാനുള്ള പാർലിമെന്റിന്റെ ഈ തിടുക്കം (മുമ്പെങ്ങും കണ്ടിട്ടില്ലാത്തത്രയും രൂക്ഷമായ ഭക്ഷ്യവിലക്കയറ്റം ചർച്ച ചെയ്യാൻ പോലും വിസമ്മതിക്കുന്ന ഈ ഘട്ടത്തിൽ) എന്തിന്റെ സൂചനയാണ്? ദയനീയമായ അമേരിക്കൻ വിധേയത്വത്തിന്റെയോ? ആണവലോബിയുടെ ചൊൽപടിക്ക് വഴങ്ങി എന്തും വിട്ടുവീഴ്ച ചെയ്യാനുള്ള മനോഭാവത്തിന്റെയോ? ഭോപ്പാൽ ദുരന്തത്തിൽ നിന്നും പാഠം പഠിക്കാത്തവർ, ദുരന്തത്തിനുത്തരവാദികളെ സുരക്ഷിതരായി കടന്നുപോകാൻ സൗകര്യമൊരുക്കിയവർ, ആണവക്കരാറിൽ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നത് ആണവാപകടമുണ്ടാവുകയാണെങ്കിൽ അതിന്റെ ഇരകൾക്ക് ഭീമമായ നഷ്ടപരിഹാരം കൊടുക്കേണ്ടിവരുന്ന ബാധ്യതയിൽനിന്ന് സ്വകാര്യവിദേശക്കമ്പനികളെ പരമാവധി രക്ഷപ്പെടുത്താനാണ് എന്നറിയുമ്പോൾ സ്വാശ്രയത്വം, സ്വാതന്ത്ര്യം തുടങ്ങിയവയുടെ രാഷ്ട്രീയ വിവക്ഷകൾ സമകാലിക ഇന്ത്യയിൽ എത്രമാത്രം അസംബന്ധമാക്കി മാറ്റിമറിച്ചു കഴിഞ്ഞു എന്ന ദുഖകരമായ യാഥാർത്ഥ്യത്തിലാണ് നമ്മൾ ഉണരുക. ആണവക്കരാറിന്റെ ഗതി അടുത്ത ഏതാനും ദിവസങ്ങളിൽ കാത്തിരുന്നു കാണാം.

വൈദ്യുതോർജത്തിന്റെ പേര് പറഞ്ഞ് ആണവനിലയങ്ങൾ സ്ഥാപിക്കാനുള്ള ഊർജ്ജിതമായ ശ്രമങ്ങൾ ഒരുവശത്ത് കൊണ്ടുപിടിച്ച് നടക്കുന്നുണ്ട്. പശ്ചിമബംഗാളിലെ ഹരിപ്പൂരിലും മഹാരാഷ്ട്രയിലെ ജേതാപ്പൂരിലും ആന്ധ്രയിലെ കൊവാദയിലും എല്ലാം ആണവനിലയങ്ങൾക്കുള്ള പ്രാരംഭപ്രവർത്തനങ്ങളാരംഭിച്ചുകഴിഞ്ഞു. എല്ലായിടത്തും ജനകീയപ്രതിഷേധം കാരണം പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് എന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്. പഴയതുപോലെ അത്ര സുഗമമായി, ആളുകളുടെ എതിർപ്പില്ലാതെ ഇത്തരം പദ്ധതികളുമായി മുന്നോട്ടുപോകാം എന്ന വ്യാമോഹം ആണവലോബിക്ക് ഇന്നില്ല. ഒന്നുകിൽ ജനങ്ങളുടെ എതിർപ്പിനെ പൈശാചികവും കിരാതവുമായ മർദ്ദനങ്ങൾ കൊണ്ട് അടിച്ചമർത്തി മുന്നോട്ട് പോകണം; അല്ലെങ്കിൽ വിനാശകരമായ പദ്ധതികൾ ജനഹിതം മാനിച്ച് ഉപേക്ഷിക്കണം. ജനാധിപത്യവും പാർലമെന്ററി വ്യവസ്ഥയും ഭരണാധികാരികളുടെ മേൽ ചെലുത്തുന്ന ചില സമ്മർദ്ദങ്ങളുണ്ട്. ആ സമ്മർദ്ദം മൂലം തീർത്തും ജനഹിതം അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയുണ്ട് ജനാധിപത്യപരമായ ചട്ടക്കൂടിന്.

നിലവിലുള്ള അവസ്ഥയിൽ പരിമിതികളെത്രതന്നെയുണ്ടെങ്കിലും അന്തിമമായി ജനങ്ങളുടെ ഇച്ഛയെ ഒട്ടും പരിഗണിക്കാതെയുള്ള മുന്നോട്ടുപോക്ക് ദുഷ്കരമാണ് എന്ന യാഥാർത്ഥ്യം ശുഭപ്രതീക്ഷക്ക് വക നൽകുന്നുണ്ട്. അതാണ് ന്യായമായ സമരങ്ങൾക്ക് ഫലമുണ്ടാകും എന്ന തിരിച്ചറിവിലേക്ക് ജനങ്ങളെ സാവധാനം നയിക്കുന്നത്. എന്നുവച്ച് അലംഭാവത്തിന് ഒട്ടും പ്രസക്തിയില്ലതാനും. ജനാധിപത്യത്തിന്റെ ചട്ടക്കൂടുപോലും എസ്റ്റാബ്ലിഷ്മെന്റിന് അസൗകര്യപ്രദമാവുന്നിടത്ത് അവഗണിക്കാനും ഭരണഘടനയുടെ അന്തസ്സത്ത തന്നെ തകർത്തെറിയാനും ഭരണാധികാരികൾക്ക് മടിയില്ല. ആണവപരിപാടികൾ മിക്കതും ഒരു ജനാധിപത്യവ്യവസ്ഥയുടെ അന്തസ്സത്തക്ക് നിരക്കാത്തതും

സൈനികമായ ഒരു തരം അതാര്യത അടിച്ചേൽപ്പിക്കുന്നതുമാണ്. അതു കൊണ്ടുതന്നെയാണ് വിവരാവകാശ നിയമം തുറന്നിടുന്ന തുറസ്സുകൾ പോലും ആണവകാര്യത്തിൽ ഇന്ത്യയിലെ പൗരന്മാർക്ക് ലഭിക്കാത്തത്.

അണുനിലയങ്ങൾ സ്ഥാപിക്കുന്നതിനെതിരെയും ആണവവികിരണം വമിക്കുന്ന വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനെതിരെയും അണുസാമ്രാജ്യം വിപുലീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനെതിരെയുമുള്ള സമരങ്ങൾ ശക്തിപ്പെടുത്തുക എന്നതുതന്നെയാണ് സാമൂഹ്യബാധ്യതയുള്ള പരിസ്ഥിതി പ്രവർത്തകരുടെ മുന്നിലുള്ള പോംവഴി. ഗുജറാത്തിലും മഹാരാഷ്ട്രയിലും ബംഗാളിലും ആന്ധ്രയിലും നിന്നുള്ള ആണവസ്ഥാപനത്തിനെതിരായ ജനകീയ പ്രതിരോധത്തിന്റെ വാർത്തകൾ മിക്കതും ആശ്വാസപ്രദമാണ്.

**ആണവവിരുദ്ധസമരങ്ങൾ ഇപ്പോഴത്തെ അവസ്ഥ**

ഗുജറാത്ത് ഭവനഗർ ജില്ലയിലെ ജസ്പറ മീത്തിവിർദി എന്ന സ്ഥലത്ത് നിർദിഷ്ട ആണവനിലയത്തിനെതിരെ കഴിഞ്ഞ മൂന്ന് വർഷമായി പ്രതിഷേധം നടക്കുന്നു. കഴിഞ്ഞ ഏപ്രിൽ 26ന് ഏഴായിരം ആളുകൾ പങ്കെടുത്ത പ്രതിഷേധയോഗം നടന്നു. മണ്ണിന്റെസാമ്പിളെടുക്കാൻ പോലീസ് സേനയുമായി വന്ന ന്യൂക്ലിയർ പവർ കോർപറേഷൻ ലിമിറ്റഡിന്റെ ആളുകളെ നാട്ടുകാർ തടഞ്ഞു. ഡ്രില്ലിങ് ഉപകരണങ്ങളുമായി അവർ സ്ഥലംവിട്ടു.

കൂടംകുളത്തെ പൂർത്തിയായ രണ്ട് റിയാക്ടറുകൾക്ക് പുറമെ നാല് പുതിയ 1000 മെഗാവാട്ട് റിയാക്ടറുകൾ കൂടി സ്ഥാപിക്കാൻ റഷ്യയിലെ ആറ്റംസ്ട്രോയെക്സ്പോർട്ടുമായി ഈയിടെ നടന്ന ചർച്ചയിൽ, ആണവാപകടങ്ങൾ ഉണ്ടാവുകയാണെങ്കിൽ അതിന്റെ പൂർണ ഉത്തരവാദിത്തം നടത്തിപ്പുകാരായ ന്യൂക്ലിയർ പവർ കോർപറേഷൻ ഏറ്റെടുക്കണമെന്നും റഷ്യയ്ക്ക് യാതൊരു ബാധ്യതയുമുണ്ടായിരിക്കുന്നതല്ല എന്നും സ്ഥാപനം വ്യക്തമാക്കി. ചർച്ച വഴിമുട്ടി നിൽക്കുന്നു. ആണവവിരുദ്ധ പ്രസ്ഥാനങ്ങളുടെ ദേശീയ കൂട്ടായ്മ വിവിധ നിർദിഷ്ട നിലയങ്ങൾക്കെതിരെയുള്ള പ്രതിഷേധത്തിന് പിന്തുണയുമായി രംഗത്തുണ്ട്. ആണവക്കരാറിനെതിരെയുള്ള ശക്തമായ പ്രചരണപ്രവലർത്തനങ്ങളുമായി ഇവർ മുന്നോട്ടുപോകുന്നു.

കൽക്കത്തയിൽ നിന്ന് 170 കി.മീ അകലെ ബംഗാളിൽ ഹരിപ്പൂർ എന്ന സ്ഥലത്തെ ആണവനിലയത്തിനെതിരെ കടുത്ത പ്രതിഷേധമുയരുന്നു. 'പരമാണു ബിദ്യുത് ബിരോധി പ്രചാർ ആന്ദോളൻ' (അണുശക്തിക്കെതിരായ പ്രസ്ഥാനം) എന്ന ആണവവിരുദ്ധപ്രവർത്തകരുടെ നേതൃത്വത്തിലുള്ള സംഘം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. കഴിഞ്ഞ ചെർണോബിൽ ദിനത്തിലും മെയ് 25നും വിപുലമായ പ്രതിഷേധയോഗങ്ങൾ നടന്നു. ഹരിപ്പൂരിലെ നിർദിഷ്ട നിലയത്തിനുവേണ്ടി ആളുകളെ കൂടുതൽ കുടിയൊഴിപ്പിക്കാതെ കഴിക്കാനും പ്രതിഷേധത്തിന്റെ ശക്തി കുറയ്ക്കാനുംവേണ്ടി അതിന്റെ എക്സ്ക്ലൂഷൻ സോൺ (ആളുകളെ ഒഴിവാക്കേണ്ട മേഖല)ന്റെ വിസ്തൃതി കുറയ്ക്കാനുള്ള നിർദേശം മെയ് 22ന് നൽകിയതായി പി.ടി.എയുടെ വാർത്ത വന്നു.

ആന്ധ്രയിലെ ശ്രീകാകുളം ജില്ലയിലെ കൊവാദ ആണവനിലയത്തിന് (2000 മെഗാവാട്ട്) പരിസ്ഥിതി വനം മന്ത്രാലയം പച്ചക്കൊടി വീശിയില്ല. ഗുജറാത്ത്, മധ്യപ്രദേശ്, ഹരിയാന എന്നിവിടങ്ങളിലെ ആണവനിലയങ്ങൾക്കും അനുമതി നൽകിയില്ല എന്ന് 2010 ജൂൺ 26ന്റെ ടൈംസ് ഒഫ് ഇന്ത്യ ഹൈദരാബാദ് എഡിഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാലിത് താൽക്കാലികം മാത്രമായ ഒരു അനുമതി നിഷേധമാണ്. തുടർന്നു നടക്കുന്നത് കാത്തിരുന്നു കാണണം.

മഹാരാഷ്ട്രയിലെ ജേതാപ്പൂരിൽ 10000 മെഗാവാട്ട് നിലയം വരുന്നതിനെതിരെ ആ പ്രദേശത്തുനിന്നുമുള്ള പഞ്ചായത്ത് കമ്മിറ്റികളും പരിഷത്തുമടക്കം ജൈവവൈവിദ്ധ്യം നശിക്കും എന്ന കാരണം ഉയർത്തിപ്പിടിച്ചുകൊണ്ട് എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. 2010 ഏപ്രിൽ തൊട്ട് എൻ.പി.സി.ഐ.എൽ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങി. സർവെ നടന്നത് 60–70 പോലീസുകാരുടെ അകമ്പടിയോടെ. പ്രതിഷേധത്തെ അടിച്ചമർത്താൻ ഭീഷണിപ്പെടുത്താൻ 'കൊങ്കൺ ബചാവോ സമിതി' മന്ത്രി ജയ്റാം രമേഷിന് നിവേദനം നൽകി.

ദൂരക്കാഴ്ചയില്ലാത്ത സാമ്പത്തിക പരിഗണനകളുടെതായ ഹ്രസ്വദൃഷ്ടിക്ക് ജനസാമാന്യത്തിന്റെ പാരിസ്ഥിതിക വിവേകം കലർന്ന തിരിച്ചറിവുകൾ വഴിമാറുന്ന ഒരു സ്ഥിതിയാണ് ഇന്ന് ആണവരംഗത്ത് കാണാൻ കഴിയുന്ന പൊതുപ്രവണത. എങ്കിലും നാളിതുവരെയുണ്ടാകാത്ത അനുപാതത്തിൽ രാഷ്ട്രീയ–സാമ്പത്തിക–പാരിസ്ഥിതിക വെല്ലുവിളികൾ സൃഷ്ടിക്കുന്ന പ്രതിസന്ധിയുടെ മുഹൂർത്തത്തിലാണ് നാമെല്ലാം. മാർതാ ഹാർനെക്കർ ചൂണ്ടിക്കാട്ടിയതുപോലെ ഇതിന്റെ കാരണം ഇങ്ങിനെ ചുരുക്കിപ്പറയാം: "ഏറ്റവും പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കുന്നത് പാർലമെന്റുകളോ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടുമാരോ അല്ല, മറിച്ച് അവർക്ക് നിയന്ത്രിക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ് എന്നതാണ് പ്രശ്നം: വൻകിട അന്താരാഷ്ട്ര സ്ഥാപനങ്ങൾ (ലോകബാങ്ക്, അന്താരാഷ്ട്ര നാണയനിധി), സ്വയം നിർണയാധികാരമുള്ള കേന്ദ്രബാങ്കുകൾ, ഭീമൻ ബഹുരാഷ്ട്ര കോർപറേഷനുകൾ, ദേശീയ സുരക്ഷിതത്വ സ്ഥാപനങ്ങൾ ഇതിനെല്ലാം പുറമെ വൻകിട സാമ്പത്തികഗ്രൂപ്പുകളുടെ കൈകളിൽ കേന്ദ്രീകരിച്ചിട്ടുള്ള മാധ്യമങ്ങൾ."

*പബ്ലിക് ഹെൽത് ഫോറം, അന്നൂർ.പി.ഒ*
*പയ്യന്നൂർ. 9446168230*